മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

18 (*78) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതു സംബന്ധിച്ച പരാതികളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം അന്വേഷിക്കുന്നതിന് മെഡിക്കൽ കോളേജുകളിൽ വിജിലൻസ് പരിശോധന നടത്തിയിരിന്നുവോ ; വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ & ബി) പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനോടനുബന്ധിച്ച് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് നോൺ പ്രാക്ടീസിംഗ് അലവൻസ് നല്കിക്കൊണ്ട് സ്വകാര്യ പ്രാക്ടീസ് നിരോധിക്കുകയുണ്ടായി. ഇതേ തുടർന്ന് ഇത് നിരീക്ഷിക്കുന്നതിന് വേണ്ടി മെഡിക്കൽ കോളേജ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും വിജിലൻസ് കമ്മിറ്റികൾ രൂപവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതേക്കുറിച്ച് വിശദമായ അന്വേഷണത്തിന് സർക്കാർ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ലഭിച്ച ബസ്സുകൾ

19 (*79) ശ്രീ. സി. എം. ദിനേശ്മണി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് എത്ര ബസ്സുകൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly